കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ബദിയഡുക്ക ഗ്രാമ പഞ്ചായത്ത്

2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്
e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-കെ.എസ്.ഡി-6 /13 /2017

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്, ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

തീയതി.09.01.2017

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബദിയഡുക്ക ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി

ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്.

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എസ്.ഡി-6/13/2017 തിയ്യതി:-09.01.2017.

## കാസറഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കാസറഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 31-03-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. രാജാരാമ .സി ,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിനു വിനിയോഗിച്ച സമയം : 22.12.2016 മുതൽ 28.12.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.മഹേഷ.ബി. | ഓഡിറ്റ് ഓഫീസർ. (ഹ.ഗ്രേ) |
| ശ്രീ.വിനോദ് കുമാർ.സി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയാനന്ദ.എച്ച് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. യാദവകുമാര. സി.എച്ച് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവശങ്കര. കെ. | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സുധ ജയറാം | 01.04.2015 മുതൽ 11.11.2015 വരെ |
| | ശ്രീ.കെ.എൻ.കൃഷ്ണ ഭട്ട് | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ബി. സൂഫി | 01.04.2015 മുതൽ 31.03.2016 വരെ |

### (സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ. നം. | പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ. ബി. സൂഫി | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ | ശ്രീ. ദിനേശ്. ടി.എം | 01.04.2015 മുതൽ 29.05.2015 വരെ |
| | | ശ്രീ.പ്രവീൺ.സി.ജി | 30.05.2015മുതൽ 31.03.2016 വരെ |
| 3 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രതീഷ് . കെ | 01.04.2015 മുതൽ 31.03.2016 വരെ |
| | | ശ്രീ.ജോൺസൻ. കെ.വി | 01.04.2015 മുതൽ 31.03.2016 വരെ |
| 4 | കൃഷി ഓഫീസർ | ശ്രീമതി.ബിന്ദുജോർജ്ജ്.കെ. | 01.04.2015 മുതൽ 19.08.2015 വരെ |
| | | ശ്രീ.സന്തോശ് കുമാർ ചാലിൽ. | 20.08.2015മുതൽ 31.03.2016 വരെ |
| 5 | വെറ്റിനറി സർജ്ജൻ | ഡോ. ഇ. ചന്ദ്രബാബു . | 01.04.2015മുതൽ 31-03-2016 വരെ |
| 6 | മെഡിക്കൽ ആഫീസർ (ആയുർവേദം) | ഡോ. വി.സി. സുഷമ. | 01.04.2015 മുതൽ 11.02.2016 വരെ |
| | | ഡോ.രീജ.വി.ആർ. | 12.02.2016 മുതൽ 31.03.2016 വരെ |
| 7 | പ്രധാനാധ്യാപകൻ | ശ്രീമതി.ദുർഗ്ഗാപരമേശ്വരി. | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ.ഗുരുമൂർത്തി. | 01.11.2015മുതൽ 31.03.2016 വരെ |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. എൽസി. പി.കെ. | 01.04.2015 മുതൽ 18.12.2015 വരെ |
| | | ശ്രീമതി.ജോതി.പി. | 19.12.2015മുതൽ 31.12.2015 വരെ |
| | | ശ്രീമതി.രജിത.ടി. | 01.01.2016മുതൽ 31.01.2016 വരെ |
| | | ശ്രീമതി.ജോതി.പി. | 01.02.2016 മുതൽ 31.03.2016 വരെ |
| 9 | മെഡിക്കൽ ആഫീസർ (സി.എച്ച്.സി) | ഡോ. സത്യശങ്കര. ഭട്ട്. | 01.04.2015 മുതൽ 31.03.2016 വരെ |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. രേശ്മ. | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരംആഭ്യന്തര നിയന്ത്രണം | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി രജിസ്റ്ററുകൾ - പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 2-1 |
| 14 | തനത് വരുമാന ഇനങ്ങളിലെ രജസിറ്ററിലെ അപാകതകൾ | 2-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല | 2-3 |
| 16 | പരസ്യ നികുതി പിരിക്കുന്നില്ല. | 2-4 |
| | ഭാഗം 3 | |
| 17 | റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചത് - അംഗീകരിക്കുന്നില്ല. | 3-1 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ- ട്രഷറിയിൽ നിന്നും അധികം തുക പിൻവലിച്ചു. | 3-2 |
| 19 | കൊറഗണ്ടം പൊയ്യക്കണ്ടം റോഡ് ഫോർമേഷൻ - പാർശ്വ സംരക്ഷണ പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-3 |
| 20 | അളവ്പുസ്തകത്തിൽ തെറ്റായി അളവ്മൂല്യം രേഖപ്പെടുത്തിയതനുസരിച്ച് - കൺവീനർക്ക് പണം അധികം നൽകിയത്. | 3-4 |
| 21 | പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ ചെങ്കല്ലുകൾ മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടില്ല. | 3-5 |
| 22 | ഗുണഭോക്തൃ കമ്മിറ്റി നടത്തിയ പ്രവൃത്തിക്ക് contractors profit | 3-6 |

| | | |
|---|---|---|
| | overhead charge നൽക്കിയതു - ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | |
| 23 | VG. 30. ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് VG. 10. ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിനാൽ നഷ്ടം. | 3-7 |
| 24 | ദർബെത്തടുക്ക പബ്ലിക്ക് ലാടിൻ നിർമ്മാണം - ട്രഷറിയിൽ നിന്ന് പിൻവലിച്ച മുഴുവൻ തുകയും വിതരണം ചെയ്തിട്ടില്ല. | 3-8 |
| 25 | പെർഡാനമൂല കമ്മ്യൂണിറ്റി ട്രെയിനിംഗ് സെന്റർ - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം. | 3-9 |
| 26 | ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-10 |
| 27 | കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടില്ല. | 3-11 |
| 28 | പാലിയേറ്റീവ്കേയർ പദ്ധതി - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലഭ്യമാക്കുവാനുള്ളത് 1,02,400/-രൂപയുടെ മരുന്നുകൾ. | 3-12 |
| 29 | ന്യൂട്രിമിക് സ്റ്റഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തിയിട്ടില്ല. | 3-13 |
| 30 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-14 |
| 31 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടല്ല. | 3-15 |
| 32 | വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ല. | 3-16 |
| | ഭാഗം 4 | |
| 33 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ്. | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ. | 4-5 |
| 38 | ഓഡിറ്റ് റിക്കവറി. | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 |
| 41 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-9 |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 29/2015 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 4,70,87,696 |

| | |
|---|---|
| വരവ് | 13,90,90,000 |
| ആകെ | 18,61,77,696 |
| ചെലവ് | 17,26,80,000 |
| നീക്കിയിരിപ്പ് | 1,34,97,696 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 09-08-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 23-12-2016 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1) സ്ഥിര ആസ്ഥികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് പൂർണ്ണമായ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 4,64,65,520 |
| വരവ് | 6,22,26,568 |
| ആകെ | 10,86,92,088 |
| ചെലവ് | 9,32,53,093 |
| നീക്കിയിരിപ്പ് | 1,54,38,995 |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ .എഫ് .എം .എസ്. തുക-1,66,58,268
പെൻഷൻ DBT തുക-71,74,200

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ചെയ്ത തുക | | | |
| വികസനഫണ്ട് പൊതുവിഭാഗം | 74,18,886 | 89,78,472(Tc) | 82,040 | 1,63,97,358 | 1,63,15,318 | |
| വികസനഫണ്ട് എസ്.സി.പി. | 42,56,711 | 32,77,045 | 26,07,262 | 75,33,756 | 49,26,494 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 63,05,024 | 38,45,423 | 33,17,198 | 1,01,50,447 | 68,33,249 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 71,87,464 | 55,43,859+15,91,896 | -- | 1,43,23,219 | 1,43,23,219 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 49,70,057 | ഇല്ല | 15,91,896 | 49,70,057 | 33,78,161 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 31,05,261 | 51,93,001 | 28,54,339 | 82,98,262 | 54,43,923 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 6,66,518 | 1,49,673 | 1,99,673 | 8,16,191 | 6,16,518 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 96,840 | 1,70,46,340 | ഇല്ല | 1,71,43,180 | 1,71,37,935 | 5,245 |
| ബി. ഫണ്ട്. | ഇല്ല | 75,61,840 | | 75,61,840 | 75,61,840 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 378 | 199 | 9 | 180 | 50 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 49,58,036 | 12 | 29,02,086 | 58.53 |
| 3 | അസിസ്റ്റന്റ്എഞ്ചിനിയർ | 311 | 8,55,77,024 | 148 | 4,20,21,123 | 49 |
| 4 | കൃഷി ഓഫീസർ. | 10 | 50,52,845 | 10 | 45,80,390 | 90.64 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 8 | 89,19,600 | 7 | 46,95,000 | 52.63 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 9 | 47,93,188 | 7 | 33,44,244 | 69.77 |
| 7 | വെറ്റിനറി സർജ്ജൻ | 6 | 12,33,400 | 6 | 5,12,739 | 41.57 |
| 8 | മെഡിക്കൽ ഓഫീസർ, -പി.എച്ച്.സി. | 2 | 5,00,000 | 2 | 4,92,642 | 98.52 |
| 9 | മെഡിക്കൽ ഓഫീസർ, - ആയുർവ്വേദം. | 3 | 4,21,000 | 3 | 4,20,920 | 99.98 |
| 10 | പ്രധാനാധ്യാപകൻ. | 3 | 12,76,000 | 3 | 11,88,511 | 93.14 |
| 11 | മെഡിക്കൽ ഓഫീസർ, - ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100 |
| | അകെ | 378 | 11,28,31,093 | 199 | 6,02,57,655 | 53.40 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43,75,932 | 43,55,528 | (-)20,404 | (-)46 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 19,03,148 | 19,49,848 | (+)46,700 | (+)24 |
| മറ്റു വരവുകൾ | ഇല്ല | - | - | - |
| ആകെ | 62,79,080 | 63,05,376 | (+)26,296 | (+)41 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 92,640 | 10 |
| കർഷക തൊഴിലാളി പെൻഷൻ | 6,37,200 | 282 |
| വിധവാ പെൻഷൻ | 41,32,000 | 1,356 |
| വാർദ്ധക്യകാല പെൻഷൻ | 15,57,000 | 1,772 |
| വികലാംഗ പെൻഷൻ | 7,67,200 | 350 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 80,800 | 34 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,90,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷന്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-12-2016 ന് (2 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,258രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-11-2016 | 01-09-2016- മുതൽ 31-10-2016 വരെ | 21-12-2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-02-2014 മുതൽ 14-03-2014വരെ | 2008-09 മുതൽ 2012-2013വരെ | 15-05-2014 |

## 1-11 തൊഴിലുറപ്പ് പദ്ധതി അവലോകനം

2015-16 കാലയളവിൽ ഈ മേഖലയിൽ പ്രധാനമായും ചെറുകിട കർഷകരുടെ തോട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള വിവിധ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷം നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്ന 728 പ്രവൃത്തികളിൽ 356 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(പ്രോജക്ക്റ്കളുടെ എണ്ണം കൂടുതലായതിനാൽ എം.ജി.എൻ.ആർ.ജി യുടെ ഓഡിറ്റ് എടുക്കാൻ സാധിച്ചിട്ടില്ല.ആയതിനാൽ എം.ജി.എൻ.ആർ.ജി യുടെ ഓഡിറ്റ് വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.)

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 96,840 |
| വരവ് | 1,70,46,340 |
| ആകെ | 1,71,43,180 |
| ചെലവ് | 1,71,37,935 |
| നീക്കിരിപ്പ് | 5,245 |
| രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3,399 |
| രജിസ്റ്റർ ചെയ്ത വ്യക്തികൾ | 4,454 |
| തൊഴിൽ കാർഡ് ഇഷ്യു ചെയ്തത്- കുടുംബങ്ങൾ- | 3,399 |
| തൊഴിൽ ആവശ്യപ്പെട്ടത് -കുടുംബങ്ങൾ | 1,517 |
| തൊഴിൽ നൽകിയത് - കുടുംബങ്ങൾ. | 1,517 |
| ആകെ മനുഷ്യ ദിനങ്ങൾ | 72,476 |
| നൂറുദിനം തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങൾ | 71 |

## 1-12 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമാം വിധം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റികളിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും ചർച്ചകൾ, അഭിപ്രായങ്ങൾ, തീരുമാനങ്ങൾ എന്നിവ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റി കൂടുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പങ്കെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളിൽ കഴിവതും നിർവഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്തിലെ ജിവനക്കാർക്കിടയിൽ ജോലി വിഭജന രേഖ നിലവിലുണ്ടെങ്കിലും ആയത് സമഗ്രമല്ല. നിലവിലെ ഉത്തരവാദിത്തങ്ങൾ കൂടി കണക്കിലെടുത്ത് ജോലി വിഭജന രേഖ കാലികമായി പുതുക്കി നിലവിൽ വരുത്തേണ്ടതാണ്.

## 1-13 അനുബന്ധ പത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

3) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

4) ബാലൻസ് ഷീറ്റ്

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി രജിസ്റ്ററുകൾ - പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2015-2016 സാമ്പത്തിക വർഷം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ തൻവർഷം കുടിശ്ശികയായി 13,22,392.30/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും എഴുതി സൂക്ഷിക്കാത്തതിനാൽ ഈ തുകകളുടെ വിശദ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തുന്ന തുകയുടെ കൃത്യതകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും കൃത്യതയോടെ എഴുതി തയ്യാറാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ സാംഖ്യ സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. വസ്തു നികുതിയിലെ കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തനത് വരുമാന ഇനങ്ങളിലെ രജസിറ്ററിലെ അപാകതകൾ

സ്ഥാപനം സൂക്ഷിക്കുന്ന തനത് വരുമാന ഇനങ്ങളായ ഡി.&ഒ. ലൈസൻസ് ഫീ, തൊഴിൽ നികുതി ട്രേഡേഴ്സ് എന്നീ രജിസ്റ്ററിലെ വാർഷിക സാക്ഷ്യപത്രം പ്രകാരം സാക്ഷ്യപ്പെടുത്തിയ ഡിമാന്റ്, കലക്ഷൻ, ബാലൻസ് 2015-16 ലെ AFS മായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ തനത് വരുമാന ഇനങ്ങളിലെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 28.12.2011ലെ തീരുമാനം നമ്പർ.3. പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2012-2013 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിനും തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം മൊബൈൽ ടവറുകളിൽ നിന്നും 2015-2016 വർഷങ്ങളിൽ വviewസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

| ക്രമ നം. | ഓപ്പറേറ്റർ/ഉടമ /നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം @ m2 | വസ്തുനികുതി കുടിശ്ശിക 2015-16 | വസ്തുനികുതി തൻവർഷം 2015-2016 | ആകെ |
|---|---|---|---|---|---|---|
| 1 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | V/88 | 12 | 25,050/- | 5,040/- | 30,090/- |
| 2 | വൊഡാഫോൺ-എസ്സാർ | 8/290/A | 12 | 13,104/- | 5,040/- | 18,144/- |
| 3 | ഭാരതി ഏർട്ടെൽ | 9/521/A | 12 | 11,450/- | 5,040/- | 16,490/- |
| 4 | UITLഇൻഫ്രാസ്ട്രക്ചർ | 10/125/B | Nil | 0 | 0 | 0 |
| 5 | ഇൻഡസ് ടവേഴ്സ് | 13/15/A | 12 | 11,136/- | 5,040/- | 16,176/- |
| 6 | ഭാരതി ഏർട്ടെൽ | 13/196/A | 12 | 11,450/ | 5040/- | 16,490/- |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഇൻഡസ് ടവേഴ്സ് | 13/206/A | 12 | 0 | 550/- | 550/- |
| 8 | Tata Tele services. | 14/402 | 12 | 9,916/- | 4,410/- | 14,326/- |
| 9 | റിലയൻസ് | 15/85/A | 12 | 20,212/- | 5,040/- | 25,252/- |
| 10 | ഐഡിയ സെല്ലുലാർ | 17/123/B | 12 | 13,508/- | 6,300/- | 19,808/- |
| 11 | ഭാരതി എയർടെൽ | 17/398 | 12 | 11,340/- | 5,670/- | 17,010/- |
| 12 | India telecom infra Ltd. | 17/564/A | 12 | 27,570/- | 6,300/- | 33,870/- |
| 13 | ഇൻഡസ് ടവേഴ്സ് | 19/100/A | 12 | 0 | 1271/- | 1,271/- |
| 14 | ഇൻഡസ് ടവേഴ്സ് | 2/135/A | 12 | 0 | 1,654/- | 1,654/- |
| ആകെ | | | | 31,195/- | 2,11,131/- | 2,42,326/- |

## 2-4 പരസ്യ നികുതി പിരിക്കുന്നില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലാ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചത് - അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2015-16 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ റൂഫിംഗ് പ്രവൃത്തിക്ക് കൂടിയ നിരക്ക് അനുവദിച്ചതുമൂലം പഞ്ചായത്തിന് 2,53,838/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

I.ഇൻഡോർ സ്റ്റേഡിയം-ഷട്ടിൽ കോർട്ട് നിർമ്മാണം.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 353/16, (ഇൻഡോർ സ്റ്റേഡിയം-ഷട്ടിൽ കോർട്ട് നിർമ്മാണം) |
| അടങ്കൽ | ₹ 25,00,000/- (തനത് ഫണ്ട്) |
| എസ്റ്റിമേറ്റ് | ₹ 25,00,000/-(പാർട്ട്-I ₹ 10,00,000/- + പാർട്ട്-II ₹ 15,00,000/-) |
| സാങ്കേതികാനുമതി | പാർട്ട്-I ₹ 10,00,000/- No. 700/AEE/LSGD/KSD. Dated 25.03.2014,<br>പാർട്ട്-II ₹ 15,00,000/- No.410/AEE/LSGD/KSD. Dated 28.11.2014<br>അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാസറഗോഡ് |

| | | |
|---|---|---|
| എം. ബുക്ക് നം. | 7/15-16 | |
| ആകെ അളവ് മൂല്യം | ₹ 17,00,613/- (Ist & part bill പ്രകാരം ) | |
| കരാറുകാരൻ | കെ.എ. ഹസൈവയനാർ, കൊളാരി ഹൗസ്, ബീഞ്ചത്തടുക്ക. | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 5.8% കുറവ്. | |
| എഗ്രിമെന്റ് നമ്പർ | 7/15-16 തീയതി. 29.07.2015 | |
| കരാറുകാരന് നൽകിയ തുക | ₹13,55,273/- | ട്രഷറി ചെക്ക് നം.1970108 തീ. 30.03.2016 (ചെക്ക് തുക ₹14,41,780/-) |

ബദിയഡിക്കയിൽ ഒരു ഇൻഡോർ ഷട്ടിൽ കോർട്ട് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഗ്രാമ പഞ്ചായത്ത് 2015-16 വർഷം നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 25 ലക്ഷം രൂപ ആകെ അടങ്കലുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. രണ്ട് ഭാഗങ്ങളായാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പാർട്ട്-I പ്രകാരം 10,00,000/- രൂപ അടങ്കലുള്ള നിർമ്മാണ പ്രവർത്തനങ്ങളും പാർട്ട്- II പ്രകാരം 15,00,000/- രൂപ അടങ്കലുള്ള നിർമ്മാണ പ്രവർത്തനങ്ങളും ചേർന്നതാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്. പാർട്ട്-I പ്രകാരമുള്ള എസ്റ്റിമേറ്റിൽ ആകെ 9 ഇനങ്ങളും പാർട്ട്- II പ്രകാരമുള്ള എസ്റ്റിമേറ്റിൽ ആകെ 19 ഇനങ്ങളുമാണുള്ളത്.

പാർട്ട്- II പ്രകാരമുള്ള എസ്റ്റിമേറ്റിലെ 3ാമത്തെ ഇനം പ്രവൃത്തി "Roofing with Aluminium sheet including all cost conveyance and all labour charges etc" എന്നതാണ്. ഈ ഇനത്തിനായി 1104.60 $m^2$ റൂഫിംഗ് പ്രവൃത്തി ചെയ്യുന്നതിന് 9706/10$m^2$ എന്ന നിരക്കിൽ 10,72,125/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 17)) പ്രകാരം 3ാമത്തെ ഇനം ( പാർട്ട്- II) പ്രവൃത്തിയായി (Roofing with Aluminium sheet including all cost, conveyance and all labour charges etc.) 441$m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇത്രയും അളവ് റൂഫിംഗ് പ്രവൃത്തി ചെയ്തതിന് 9706/10$m^2$ എന്ന നിരക്കിൽ 4,28,034.60/- രൂപ അളവ് മൂല്യം കണക്കാക്കി (എം.ബുക്ക് പേജ് 24), 5.8% ടെണ്ടർ കുറവ് നടത്തി ₹ 4,03,209/- കരാറുകാരന് അനുവദിച്ചിട്ടുണ്ട് .

മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റിന്റെ ഭാഗമായി 27.12.2016ന് ഓഡിറ്റ് ടീം നിർമ്മാണ പ്രവൃത്തികൾ പരിശോധിക്കുന്നതിനായി പ്രവൃത്തി സ്ഥലം സന്ദർശിച്ചതിൽ നിന്നും പ്രവൃത്തിയുടെ 3 ാമത്തെ ഇനമായി (പാർട്ട്- II) അളവ് രേഖപ്പെടുത്തിയ "Roofing with Aluminium sheet" എന്ന പ്രവൃത്തിയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഷീറ്റ് " OZONE ROOF 0.47 mm AZ 150" ആണ് എന്ന് കാണാൻ കഴിഞ്ഞു. ഇത് Alu-Zinc steel sheet വിഭാഗത്തിൽ പെട്ട ഷീറ്റാണ്. സ്ഥല പരിശോധനാ സമയത്ത് ഓഡിറ്റ് ടീം പകർത്തിയ ഷീറ്റിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.




പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നത് 0.47 mm കനത്തിലുള്ള Pre-Painted Alu-Zinc steel sheet ആണ്. 2012 ലെ SOR പ്രകാരം 0.47mm കനത്തിലുള്ള Pre-Painted Alu-Zinc steel sheet ന്റെ വില ലഭ്യമല്ല. ആയതിനാൽ SOR ൽ റേറ്റ് ലഭ്യമായ (സെക്ഷൻ II Rates of materials എന്ന ഭാഗത്ത് ക്രമ നം.286) 0.5 mm thick Pre-Painted Alu-Zinc steel

sheet ന്റെ വിലയായ ₹ 236/$m^2$ ആണ് ഈ പ്രവൃത്തിയിൽ റൂഫിംഗ് പ്രവൃത്തിക്കായി തയ്യാറാക്കുന്ന ഡാറ്റയിൽ ഉൾപ്പെടുത്തേണ്ടത്. 2012-ലെ SOR പ്രകാരം roofing with Pre-Painted Alu-Zinc steel roofing sheet 0.5mm thick എന്ന ഇനം പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റ താഴെ പറയും പ്രകാരമാണ്.

| Roofing with Pre-Painted Alu-Zinc steel roofing sheet with GI bolt, nut and bitumen washers including necessary overlap of 150mm at ends ctc complete. (OBSERVED DATA BASED ON SL. NO. 455) | | | | |
|---|---|---|---|---|
| Quantity | Description | Unit | Rate | Amount |
| 11.50 $m^2$ | Pre-Painted Alu-Zinc steel sheet 0.50 mm thick | $M^2$ | 236.00 | 2,714.00 |
| 0.5 kg (22 Nos) | GI hooks (22Nos = 0.5kg) | kg | 81 | 40.50 |
| 22 Nos | Bitumen washer | 10 Nos | 3.00 | 6.60 |
| Labour | | | | |
| 1.35 | Carpenter | Each | 500 | 675.00 |
| 1.35 | Man | Each | 377 | 508.95 |
| Conveyance | | | | |
| 10.5 | sheet | | | 10.00 |
| | | | Total ₹ | 3,945.05 |
| | | | (+) 10% CP | 394.50 |
| | | | (+) 5% OH | 197.25 |
| | | | Total | 4,536.75/10 $m^2$ |
| | | | Rounded to ₹ | 4,537/ 10$m^2$ |

പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുമ്പോൾ റൂഫിംഗ് പ്രവൃത്തിയ്ക്കായി ഉപയോഗിച്ചിരിക്കുന്ന ഷീറ്റ് Alu-Zinc steel sheet ആയതിനാൽ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക അനുവദിക്കുമ്പോൾ 4537/ 10$m^2$ എന്ന നിരക്കാണ് കണക്കാക്കേണ്ടിയിരുന്നത്. ആയതിനാൽ പ്രവൃത്തിയുടെ 3 ാമത്തെ ഇനമായി (പാർട്ട്- II) 441$m^2$ അളവ് റൂഫിംഗ്

പ്രവൃത്തി ചെയ്തതിന് 1,75,656/- രൂപ മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത് (411 $m^2$ x 4537/ 10$m^2$ = ₹1,86,471/- ടെണ്ടർ കിഴിവ് (5.8%) നടത്തിയാൽ ₹ 1,75,656/-). എന്നാൽ 4,03,209/- രൂപ അനുവദിച്ചത് ക്രമ പ്രകാരമല്ല. അധികം നൽകിയ 2,27,553/- രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തിയുടെ അന്തിമ ബില്ല് അനുവദിക്കുമ്പോഴും ഈ ഇനത്തിന് 4,537/ 10 $m^2$ എന്ന നിരക്കിൽ തുക കണക്കാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 2,27,553/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.14. തീ: 29.12.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

II. <u>ബീജന്തടുക്ക അങ്കണവാടി അറ്റകുറ്റപ്പണി.</u>

| | | |
|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 239/16, ( ബീജന്തടുക്ക അങ്കണവാടി അറ്റകുറ്റപ്പണി) | |
| അടങ്കൽ | ₹ 4,90,000/- (സംരക്ഷണ ഗ്രാന്റ് - റോഡിതരം) | |
| എസ്റ്റിമേറ്റ് | ₹ 4,90,000/- | |
| സാങ്കേതികാനുമതി | ₹ 4,90,000/- No. 741/AEE/LSGD/KSD Dated 30.03.2015, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാസറഗോഡ് | |
| എം. ബുക്ക് നം. | 2/15-16 | |
| ആകെ അളവ് മൂല്യം | ₹ 4,72,708/- (നികുതികൾ ഉൾപ്പെടെ ₹ 4,90,000/- ) | |
| കൺവീനർ | ഗ്രേസി ഡിസോസ, D/o. സിരല ഡിസോസ | |
| എഗ്രിമെന്റ് നമ്പർ | 6/15-16 തീയതി 15.06.2015 | |
| കൺവീനർക്ക് നൽകിയ തുക | ₹4,52,184/- | ട്രഷറി ബിൽ നം.55/15-16 തീ. 20.10.2015 (ബിൽ തുക ₹ ₹ 4,90,000/-) |

ബീഞ്ചത്തടുക്ക അങ്കണവാടി അറ്റകുറ്റപ്പണിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 4,90,000/- രൂപ ആകെ അടങ്കലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ ആകെ 18 ഇനങ്ങളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 10ാമത്തെ ഇനം "Roofing with Aluminium sheet including all cost conveyance and all labour charges etc" എന്നതാണ്. ഈ ഇനത്തിനായി 173.38$m^2$ റൂഫിംഗ് പ്രവൃത്തി ചെയ്യുന്നതിന് 10186/10$m^2$ നിരക്കിൽ 1,76,605/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 14)) പ്രകാരം 10ാമത്തെ ഇനം പ്രവൃത്തിയായി (Roofing with Aluminium sheet including all cost conveyance and all labour charges etc) 173.51 $m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇത്രയും അളവ് റൂഫിംഗ് പ്രവൃത്തി ചെയ്തതിന് 10,186/10$m^2$ എന്ന നിരക്കിൽ 1,76,605/- രൂപ അളവ് മൂല്യം കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട് (എം.ബുക്ക്, പേജ് 6).

മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റിന്റെ ഭാഗമായി 27.12.2016ന് ഓഡിറ്റ് ടീം ബീഞ്ചത്തടുക്ക അങ്കണവാടി അറ്റകുറ്റപ്പണി എന്ന പദ്ധതിപ്രകാരം നടത്തിയ നിർമ്മാണ പ്രവൃത്തികൾ പരിശോധിക്കുന്നതിനായി അങ്കണവാടി സന്ദർശിച്ചതിൽ നിന്നും പ്രവൃത്തിയുടെ 10 ാമത്തെ ഇനമായി അളവ് രേഖപ്പെടുത്തിയ "Roofing with Aluminium sheet " ചെയ്യൽ പ്രവൃത്തിയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഷീറ്റ് ട്രഫോർഡ് വിഭാഗത്തിൽ പെട്ട ഷീറ്റാണ് എന്ന് കാണാൻ കഴിഞ്ഞു. കൂടാതെ ഈ പ്രവൃത്തിയുടെ ഫയലിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയ്ക്കായി ഉപയാഗിച്ചിരിക്കുന്നത് "powder coated aluminium trafford profile sheet" ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2012-ലെ SOR പ്രകാരം roofing with aluminium trafford profile powder coated sheet എന്ന ഇനം പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റ താഴെ പറയും പ്രകാരമാണ്.

| Roofing with Aluminium trafford profile roofing sheet with GI bolt, nut and bitumen washers including necessary overlap of 150mm at ends ctc complete. (OBSERVED DATA BASED ON SL. NO. 455) | | | | |
|---|---|---|---|---|
| Quantity | Description | Unit | Rate | Amount |
| 11.5 $m^2$ | Aluminium powder coated trafford profile roofing sheet | $m^2$ | 646.00 | 7,429.00 |
| 0.5 kg (22 Nos) | GI hooks (22Nos. = 0.5kg) | kg | 81 | 40.50 |
| 22 Nos | Bitumen washer | 10 Nos | 3.00 | 6.60 |
| Labour | | | | |
| 1.35 | Carpenter | Each | 500 | 675.00 |
| 1.35 | Man | Each | 377 | 508.95 |
| Conveyance | | | | |
| 10.5 | sheet | | | 10.00 |
| | | | Total ₹ | 8,670.05 |
| | | | Rounded to ₹ | 8,670/ 10$m^2$ |

മേൽ പറഞ്ഞ നിരക്ക് പ്രകാരം പ്രവൃത്തിയുടെ 10-ാമത്തെ ഇനമായ "Roofing with Aluminium sheet including all cost conveyance and all labour charges etc" 173.38 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് 1,50,320/- രൂപ മാത്രമാണ് കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത് (173.38$m^2$ x 8670/ 10$m^2$=₹ 1,50,320/-). എന്നാൽ 1,76,605/- രൂപ അനുവദിച്ചത് ക്രമ പ്രകാരമല്ല. അധികം നൽകിയ 26,285/- രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 26,285/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.13 തീ: 29.12.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ- ട്രഷറിയിൽ നിന്നും അധികം തുക പിൻവലിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2015-2016 വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്കായി ട്രഷറിയിൽ നിന്നും ₹ 27,266/- അധികം പിൻവലിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ നികുതി ഉൾപ്പെടെയാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ ആകെ അളവ് മൂല്യത്തിനോടൊപ്പം വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കൂട്ടിയ തുകയുള്ള ബില്ലാണ് ട്രഷറിയിൽ സമർപ്പിക്കേണ്ടത്. എന്നാൽ മേൽപറഞ്ഞ പ്രകാരം കണക്കാക്കേണ്ട ബിൽ തുകയിലും കൂടിയ തുകയാണ് ഈ പ്രവൃത്തികൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ചത്.

I.മാടത്തട്ടുക്ക കോളനി റോഡ് ടാറിംഗ്.

| | |
|---|---|
| പ്രൊജക്ട് നം. | S.O. 268/16 (മാടത്തട്ടുക്ക കോളനി റോഡ് ടാറിംഗ്) |
| എസ്റ്റിമേറ്റ് | ₹ 4,34,405/- |

| | | | |
|---|---|---|---|
| എം. ബുക്ക് നം. | 100/14-15 | | |
| ആകെ അളവ് മൂല്യം | ₹ 3,22,525/- | | |
| കൺവീനർ | സുശീല, മാടത്തടുക്ക. | | |
| എഗ്രിമെന്റ് നമ്പർ | 116/13-14 തീയതി. 27.03.2014 | | |
| പ്രവ്യത്തിക്കായി ചെലവഴിച്ച തുക | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | |
| | 57/13-14 തീ.28.02.2014 | ₹ 1,00,000/- | മുൻക്കൂർ. |
| | 44/15-16 തീ.20.08.2015 | ₹ 1,99,965/- | അന്തിമ ബിൽ. |
| | ടാറിന്റെ വില | ₹ 61,274/- | ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 8,9 പ്രകാരം പ്രവ്യത്തിക്കായി നൽകിയ7 ബാരൽ ടാറിന്റെ വില. |
| | ആകെ | ₹ 3,61,239/- | |

ഈ പ്രവ്യത്തിയുടെ അളവ് പുസ്തകം (പേജ് 13) പ്രകാരം ആകെ അളവ് മൂല്യം 3,22,525/- രൂപയാണ്. പ്രവ്യത്തിക്കായി ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 3,22,525/- |
| (+) വാറ്റ് 5% | ₹ 16,126/- |
| (+) KCWWF 1% | ₹ 3,225/- |
| ആകെ (ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക) | ₹ 3,41,876/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 3,61,239/- |
| അധികം നൽകിയ/ പിൻവലിച്ച തുക | ₹ 19,363/- |

പ്രവ്യത്തിക്കായി അധികം പിൻവലിച്ച ₹ 19,363/- അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

II.ബണ്ടൂടുക്ക എസ്.ടി. കോളനി റോഡ് റീ ടാറിംഗ്.

| | |
|---|---|
| പ്രൊജക്റ്റ് നം. | S.O. 217/16 (ബണ്ടൂടുക്ക എസ്.ടി. കോളനി റോഡ് റീ ടാറിംഗ്) |

| | | | |
|---|---|---|---|
| എസ്റ്റിമേറ്റ് | ₹ 2,85,635/- | | |
| എം. ബുക്ക് നം. | 75/14-15 | | |
| ആകെ അളവ് മൂല്യം | ₹ 2,20,256/- | | |
| കൺവീനർ | നാരായണ നായിക്ക്, S/o രാമ നായിക്ക്. | | |
| എഗ്രിമെന്റ് നമ്പർ | 2/15-16 തീയതി. 09.04.2015 | | |
| പ്രവൃത്തിക്കായി ചെലവഴിച്ച തുക | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | |
| | 10/15-16 തീ.14.07.2015 | ₹2,37,877/- | അന്തിമ ബിൽ. |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 11) പ്രകാരം ആകെ അളവ് മൂല്യം 1,69,349/- രൂപയാണ്. പ്രവൃത്തിക്കായി ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 2,20,256/- |
| (+) വാറ്റ് 5% | ₹ 11,013/- |
| (+) KCWWF 1% | ₹ 2,203/- |
| ആകെ (ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക) | ₹ 2,33,472/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 2,37,877/- |
| അധികം നൽകിയ /പിൻവലിച്ച തുക | ₹ 4,405/- |

പ്രവൃത്തിക്കായി അധികം പിൻവലിച്ച ₹ 4,405/- അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

III.പുതുകോളി മല്ലഡ്ക്ക കുടിവെള്ള പദ്ധതി.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം. | S.O. 272/15. (പുതുകോളി മല്ലഡ്ക്ക കുടിവെള്ള പദ്ധതി.) | | |
| എസ്റ്റിമേറ്റ് | ₹ 1,10,000/- | | |
| എം. ബുക്ക് നം. | 97/14-15 | | |
| ആകെ അളവ് മൂല്യം | ₹ 52,750/- | | |
| കൺവീനർ | ശ്രീ.മഹാബല റൈ. | | |
| പ്രവൃത്തിക്കായി ചെലവഴിച്ച തുക | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | |

| | | | |
|---|---|---|---|
| | 33/15-16 തീ. 13.08.2015 | ₹57,666/- | അന്തിമ ബിൽ. |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 2) പ്രകാരം ആകെ അളവ് മൂല്യം 52,750/- രൂപയാണ്. പ്രവൃത്തിക്കായി ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 52,750/- |
| (+) വാറ്റ് 5% | ₹ 2,638/- |
| (+) KCWWF 1% | ₹528 /- |
| ആകെ (ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക) | ₹ 55,916/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 57,666/- |
| അധികം നൽകിയ/ പിൻവലിച്ച തുക | ₹ 1,750/- |

പ്രവൃത്തിക്കായി അധികം പിൻവലിച്ച ₹ 1,750/-/- അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

IV.കന്യപ്പാടി - മീസെബയൽ റോഡ് ടാറിംഗ്.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം. | S.O. 103/16 (കന്യപ്പാടി - മീസെബയൽ റോഡ് ടാറിംഗ്) | | |
| എസ്റ്റിമേറ്റ് | ₹ 6,00,000/- | | |
| എം. ബുക്ക് നം. | 61/15-16 | | |
| ആകെ അളവ് മൂല്യം | ₹ 3,72,974/- | | |
| കൺവീനർ | മൊഹമ്മദ്. എ. എം, S/o അബ്ബാസ്. | | |
| എഗ്രിമെന്റ് നമ്പർ | 83/15-16 തീയതി. 25.02.2016 | | |
| പ്രവൃത്തിക്കായി ചെലവഴിച്ച തുക | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | |
| | 141/15-16 തീ.31.03.2016 | ₹ 2,00,000/- | അന്തിമ ബിൽ-പ്രത്യേക ഗ്രാന്റ് |
| | ട്രഷറിചെക്ക്-നം.1970109 തീ.31.03.2016 | ₹1,97,101/- | അന്തിമ ബിൽ- തനത് ഫണ്ട്. |

| | | | |
|---|---|---|---|
| | | | |
| | ആകെ | ₹ 3,97,101/- | |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 18) പ്രകാരം ആകെ അളവ് മൂല്യം 3,72,974/- രൂപയാണ്. പ്രവൃത്തിക്കായി ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 3,72,974/- |
| (+) വാറ്റ് 5% | ₹ 18,649/- |
| (+) KCWWF 1% | ₹ 3,730/- |
| ആകെ (ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്ന തുക) | ₹ 3,95,353/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 3,97,101/- |
| അധികം നൽകിയ /പിൻവലിച്ച തുക | ₹ 1,748/- |

പ്രവൃത്തിക്കായി അധികം പിൻവലിച്ച ₹ 1,748/- അന്തിമ ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 3-3 കൊറഗണ്ടം പൊയ്യക്കണ്ടം റോഡ് ഫോർമേഷൻ - പാർശ്വ സംരക്ഷണ പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ.154/16 (കൊറഗണ്ടം പൊയ്യക്കണ്ടം റോഡ് ഫോർമേഷൻ ) |
| അടങ്കൽ | ₹ 2,00,000/- (പ്രത്യേക ഗ്രാന്റ്) |
| എസ്റ്റിമേറ്റ് | ₹ 2,00,000/- |
| സാങ്കേതികാനുമതി | 2,00,000/- No. 557/AEE/LSGD/KSD Dated.10.02.2016, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, കാസറഗോഡ് ബ്ലോക്ക്. |
| എം. ബുക്ക് നം. | 45/15-16 |
| ആകെ അളവ് മൂല്യം | ₹ 1,79,996/- (നികുതികൾ ഉൾപ്പെടെ ₹ 1,90,756/-) |
| കൺവീനർ | അബ്ദുള്ള കുഞ്ഞി. |

| | | |
|---|---|---|
| എഗ്രിമെന്റ് നമ്പർ | 76/AE/15-16 തീയതി 25.02.2016 | |
| കൺവീനർക്ക് നൽകിയ തുക | ₹ 1,76,396/- | ട്രഷറി ബിൽ നം 102/15-16 തീ. 29.03.2016 |

കൊറഗണ്ടം പൊയ്യക്കണ്ടം റോഡ് ഫോർമേഷൻ പ്രവൃത്തിക്കായി മേൽ പ്രവൃത്തിക്കായി DSR 2014 (കോസ്റ്റ് ഇൻഡക്സ് 30.48%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ ഏഴ് ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 7ാമത്തെ ഇനം "Dry stone pitching including supply of stones and preparing surface complete." എന്നതാണ്. എസ്റ്റിമേറ്റിൽ 20.80 $m^3$ അളവ് പ്രവൃത്തി ചെയ്യുന്നതിന് ഈ ഇനത്തിന് 1468/$m^3$ എന്ന നിരക്കിൽ 14,229/- രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് DSR-ൽ ലഭ്യമല്ലാത്തതിനാൽ താഴെ പറയും പ്രകാരമുള്ള "observed data" അനുസരിച്ചുള്ള നിരക്കാണ് പ്രവൃത്തിക്കായി കണക്കാക്കിയരിക്കുന്നത്.

| | | | | | |
|---|---|---|---|---|---|
| OD | Laterite rough stone dry packing for aprons and revetments including cost and conveyance of all materials and labour charges etc complete. | | | | |
| Code | Description | Unit | Quantity | Rate ₹ | Amount ₹ |
| | MATERIAL | | | | |
| MR | Laterite boulder | cum | 1.05 | 450.00 | 472500 |
| | LABOUR | | | | |
| 155 | Mason 1$^{nd}$ class | day | 0.35 | 435.00 | 152.25 |
| 124 | Mason 2$^{nd}$ class | day | 0.70 | 399.00 | 279.30 |
| 115 | Coolie | day | 0.70 | 329.00 | 230.30 |
| | | | | TOTAL | 1134.35 |
| | | | | Add 1% water Charges | 11.34 |
| | | | | Total | 1145.69 |
| | | | | Add CP&OH | 163.48 |
| | | | | Total | 1253.32 |

| | |
|---|---|
| Add cost index | 214.73 |
| Total cost for 1 cum | 14608 |

പ്രവൃത്തിക്കായി മേൽ പറഞ്ഞ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ നിരക്ക് കണക്കാക്കിയതിൽ പിശക് സംഭവിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് അനുവദനീയമായ ഡാറ്റ താഴെ പറയും പ്രകാരമാണ്.

| OD | Laterite rough stone dry packing for aprons and revetments including cost and conveyance of all materials and labour charges etc complete. | | | | |
|---|---|---|---|---|---|
| Code | Description | Unit | Quantity | Rate ₹ | Amount ₹ |
| | MATERIAL | | | | |
| MR | Laterite boulder | cum | 1.05 | 450.00 | 472.50 |
| | LABOUR | | | | |
| 155 | Mason 1nd class | day | 0.35 | 435.00 | 152.25 |
| 124 | Mason 2nd class | day | 0.70 | 399.00 | 279.30 |
| 115 | Coolie | day | 0.70 | 329.00 | 230.30 |
| | | | | TOTAL | 1134.35 |
| | | | | Market rate | 472.50 |
| | | | | Add 1% water Charges | 4.73 |
| | | | | Total (A) | 477.23 |
| | | | | Total excluding Market rate | 661.85 |
| | | | | Add 1% water Charges | 6.62 |
| | | | | Total (B) | 668.47 |

| | |
|---|---|
| Total (A) +1.3048 x (B) | 1349.45 |
| Total cost for 1 cum with cost index 30.48% (without CP&OH) | 1,349.45 |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 7) പ്രകാരം 7ാമത്തെ ഇനം പ്രവൃത്തിയായി (Dry stone pitching including supply of stones and preparing surface complete) 19.86$m^3$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് . ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് 1468/$m^3$ എന്ന നിരക്കിൽ 29,154/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 11, എം.ബുക്ക് ) 30,172/- രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അനുവദനീയമായ നിരക്കായ ₹ 1349.45/$m^3$ പ്രകാരം കൺവീനർക്ക് ₹ 26,800/- മാത്രമാണ് (19.86$m^3$ x 1349.45/$m^3$ = ₹ 26,800/-) അനുവദിക്കേണ്ടിയിരുന്നത്. അധികം നൽകിയ 2,354/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 2,354/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 8 തീ: 28.12.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-4 അളവ്പുസ്തകത്തിൽ തെറ്റായി അളവ്മൂല്യം രേഖപ്പെടുത്തിയത നുസരിച്ച് - കണ്വീനർക്ക് പണം അധികം നൽകിയത്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബോളകട്ടെ സ്റ്റേഡിയം കുടിവെള്ള പദ്ധതി. നം.361/15. |
| കൺവീനറുടെ പേര് | ശ്രീ.നാരായണൻ |
| എസ്റ്റിമേറ്റ് തുക | Rs.1,10,000/- |
| ഫണ്ട് | തനത് ഫണ്ട്.Rs.1,00,000+10,000(ഗുണഭോക്തൃ വിഹിതം) |
| അളവ്മൂല്യം | Rs.97,265.15 |
| അളവ്പുസ്തകം. നം. | 95/14-15.(പേജ് 1 മുതൽ 9) |
| ബിൽ നം. തിയതി. തുക | Vr.No.47/2.8.15. Rs.97,154/- |

അളവ് പുസ്തകത്തിൽ തെറ്റായി അളവ്മൂല്യം രേഖപ്പെടുത്തിയതിന്റെ വിവരം.

| പ്രവർത്തിയുടെ വിവരം | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് | യഥാർത്ഥ അളവ്മൂല്യം(അനുവദനീയമായ അളവ്മൂല്യം) |
|---|---|---|
| Item No.1.A. cost of pump set | 34,966.16 | 34,966.16 |
| Item No.B.2.remitted to KSEB.<br>4572.75<br>50.00 | 8,000.00 | 8,000.00 |

| | | |
|---|---|---|
| 2150.00<br>2000.00<br>Total.8772.75<br>limited to 8,000.00 | | |
| Item No.C.1.earth excavation in hard soil for trench, layig pipe<br>280 x 0.30 x 0.60 = 53.96m3<br>സൂക്ഷ്മ പരിശോധന നടത്തി പരിമിതപ്പെടുത്തിയ അളവ്മൂല്യം.=50.40m3 | 53.96 x 4303/10m3 = Rs. 23,218.99 | 50.40m3 x 4303/10m3 = Rs.21,687.12 |
| Item No.C.2.laying of pipe | 280m x 111/m =Rs.31,080.00 | Rs.31,080.00 |
| Total | Rs.97,265.15 | Rs.95,733.28 |

ഫൈനൽ ബില്ലിൽ മേൽ പറയുന്ന ആകെ തുക അളവ്മൂല്യം എടുക്കാതെ, ആകെ അളവ്മൂല്യം Rs.1,01,838/- രൂപയായി കാണിച്ച് ബിൽ തയ്യാരാക്കി കൺവീനർക് പണം നൽക്കിട്ടുണ്ട്.

വിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | അനുവദനീയമായത് |
|---|---|---|
| ആകെ അളവ്മൂല്യം | 1,01,838.00 | 95,733.00 |
| 10% ഗുണഭോക്തൃ വിഹിതം | 10,184.00 | 9,573.00 |
| Total | 91,654.00 | 86,160.00 |
| Tax . Vat | 4,583.00 | 4,583.00 |
| Income tax | 1,833.00 | 1,833.00 |
| Kcwwf | 917.00 | 917.00 |
| To Convenor | 89,821.00 | 84,327.00 |
| | 97,154.00 | 91,660.00 |

ഈ പ്രവർത്തിക്ക് വേണ്ടി ആകെ ചെലവഴിക്കാവുന്ന തുക Rs.91,660/- എന്നാൽ ചെലവഴിച്ച തുക Rs.97,154/- ആയതിനാൽ അധികം ചെലവഴിച്ച Rs.5,494/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(Audit Enquiry.N0.03.dt.27.12.2016)

## 3-5 പൊളിച്ച് മാറ്റിയ കെട്ടിടത്തിന്റെ ചെങ്കല്ലുകൾ മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിയുടെ നവീകരണം, ചുറ്റുമതിൽ നിർമ്മാണം. നം.361/15. |
| കരാറുകാരൻ | ശ്രീ.ബി.കെ.മുഹമ്മദ്. |
| എസ്റ്റിമേറ്റ് തുക | Rs.7,00,000/- |
| ഫണ്ട് | വികസന ഫണ്ട്- .7,00,000 |
| അളവ്മൂല്യം | Rs.6,99,710.00 |
| അളവ്പുസ്തകം. നം. | 212/15.(പേജ് 1 മുതൽ 23) |
| ബിൽ നം. തിയതി. തുക | 66/12.02.16.Rs. 2,17,761.00<br>54/20.10.15.Rs. 4,82,239.00 |

മൃഗാശുപത്രിയുടെ നിലനവിലുള്ള കെട്ടിടം വളരെ മോശമയതിനാൽ അത് ഡെമോലിഷ് ചെയ്ത് നീക്കുവാനും, ചുറ്റുമതിൽ വേണ്ടി നിർമ്മാണത്തിനായി 7,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ പവൃത്തിയിൽ 1 മുതൽ 6 വരെ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ആറാമത്തെ ഇനമാണ് " Dismantling, clearing away and carefully stacking Materials useful for reuse for any thickness of walls of brick,Laterite or rubble in cement mortar including disposal of debris within a distance of 150m ". ഒരു ഘന മീറ്ററിന് 694/- രൂപ പ്രകാരം 37.92 m3 പ്രവർത്തി നടത്തിയ വകയിൽ ഈ ഇനം പ്രവൃത്തിക്ക് 26,316/- രൂപ അളവുമൂല്യം അനുവദിച്ചിട്ടുണ്ട്.

ചുറ്റമതിലിന്റെ അസ്ഥിവാരത്തിരത്തിനായി രണ്ടാമത്തെ ഇനമാണ് " Laterite in cement mortar 1:6 for foundation and basement including all cost and conveyance labour charges etc. complete".ഒരു ഘന മീറ്ററിന് 4163/- രൂപ പ്രകാരം 51.66 m3 പ്രവർത്തി നടത്തിയ വകയിൽ ഈ ഇനം പ്രവൃത്തിക്ക് 2,15,060/- രൂപ അളവുമൂല്യം അനുവദിച്ചിട്ടുണ്ട്.

ചുറ്റമതിലിന്റെ superstructure, pillar നു വേണ്ടി മൂന്നാം ഇനം " Laterite in cement mortar 1:6 for superstructure including all cost,conveyance and all labour charges etc. complete". ഒരു ഘന മീറ്ററിന് 4,288/- രൂപ പ്രകാരം 64.91 m3 പ്രവ്വർത്തി നടത്തിയ വകയിൽ ഈ ഇനം പ്രവൃത്തിക്ക് 2,78,334/- രൂപ അളവുമൂല്യം അനുവദിച്ചിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരം ഐറ്റം നം.6. അനുസരിച്ച് പൊളിച്ച് മാറ്റിയ മൃഗാശുപത്രിയുടെ ചെങ്കല്ലുകൾ ചുറ്റുമതിലിന്റെ അസ്ഥിവാരത്തിനൊ മറ്റും നിർമ്മാണത്തിനായി ഉപയോഗിക്കാതെ പുതിയ ചെങ്കല്ലുകൾ കൊണ്ട് പണി പൂരത്തികരിച്ചതിന് മൂലം താഴെ വിവിരിക്കുന്ന പ്രകാരം പഞ്ചായത്തിന് 59,658/-രൂപയുടെ അധിക ചെലവ് സംഭവിച്ചട്ടുണ്ടു. 37.92m3 പൊളിച്ച് മാറ്റിയ

ചെങ്കല്ലുകളിൽ കനിഷ്ടം 80% ലഭിച്ചാൽ, 30.33m3(37.92 x 80%) ചെങ്കല്ലുകൾ ഉപയോഗിക്കാവുന്നതാണ്.

| ഇന വിവരം | അനുവദിച്ച അളവുമൂല്യം | അനുവദനീയമായ അളവുമൂല്യം |
|---|---|---|
| Item No.2."laterite masonary in cement mortar 1:6 for foundation and basement including all labour,material and conveyance charges etc complete. | 51.66 m3 x 4163/m3 = Rs.2,15,060/- | |
| Item No.2."laterite masonary in cement mortar 1:6 for foundation and basement using departmental laterite stone including all labour,material and conveyance charges etc complete. | | 37.92m3 പൊളിച്ച മാറ്റിയ മൃഗാശുപത്രിയുടെ ചെങ്കല്ലുകൾ കനിഷ്ഠം 80% ഉപയോഗിക്കാച്ചൽ 30.33m3(37.92 x 80%)<br>30.33m3x2196/m3=Rs.66,605/- |
| Item No.2."laterite masonary in cement mortar 1:6 for foundation and basement including all labour,material and conveyance charges etc complete.<br>(51.66 m3 – 30.33 = 21.33m3) | | 21.33m3 x 4163/m3=Rs.88,797/- |
| ആകെ അളവുമൂല്യം | Rs. 2,15,060.00 | Rs.1,55,402.00 |

മേൽ വിവരിച്ച പ്രകാരം 59,658/-(2,15,060-1,55,402)രൂപയുടെ അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. ചെങ്കല്ലുകൾ വീണ്ടും ഉപയോഗിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. പൊളിച്ച മാറ്റിയ ചെങ്കല്ലുകൾ മറ്റു പ്രവർത്തികൾക്ക് ഉപയോഗിക്കുകയോ, അല്ലെങ്കിൽ ലേലം നടത്തി പണം പഞ്ചായത്ത് ഫണ്ടിന് മുതൽ കൂട്ടുകയോ ചെയ്യേണ്ടതായിരുന്നു. ആയതിനാൽ 59,658/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മുൻപ് പൊളിച്ച മാറ്റിയ മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനായി 1,03,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ പവൃത്തിയിൽ 1 മുതൽ 9 വരെ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ രണ്ടാമത്തെ ഇനമാണ് " Laterite in cement mortar 1:6 for foundation and basement including all cost and conveyance labour charges etc. complete". ഒരു ഘന മീറ്ററിന് 4,032/- രൂപ പ്രകാരം 16.40 m3 പ്രവർത്തി നടത്തിയ വകയിൽ ഈ ഇനം പ്രവൃത്തിക്ക് 66,125/- രൂപ അളവുമൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ 7.80 m3 പ്രവർത്തി നടത്തിയതു് ചുറ്റുമതിലിന്റെ ഫൗണ്ടേഷന് വേണ്ടി മാത്രമാണ്.
